പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5197 05.07.2012 -ലെ മറുപടി

## ഡീസൽ ക്ഷാമം

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി

<table>
<tr><td>(എ)</td><td>ഡീസൽ ക്ഷാമം നിമിത്തം കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസുകൾ നിർത്തിവച്ചു എന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td rowspan="3">(എ) യും (ബി) യും (സി) യും</td><td rowspan="3">ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>ഡീസൽ ക്ഷാമത്തെ തുടർന്ന് കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല. ചില ഡിപ്പോകളിൽ ഡീസൽ യഥാസമയം ലഭ്യമാകാതെ വന്നതിനെ തുടർന്ന് സമീപ ഡിപ്പോകളിൽ നിന്നും ഡീസലടിച്ച് സർവ്വീസ് നടത്തുകയുണ്ടായിട്ടുണ്ട്. ആലുവ, അങ്കമാലി, ചങ്ങനാശ്ശേരി, എറണാകുളം, മൂന്നാർ, പാല, കോട്ടയം, കുമിളി, മൂവാറ്റുപുഴ, മൂലമറ്റം, പെരുമ്പാവൂർ, പിറവം, വൈക്കം, പാലക്കാട്, പൊന്നാനി, ചാലക്കുടി, ഗുരുവായൂർ, ഇരിങ്ങാലക്കുട, മണ്ണാർക്കാട്, തൃശ്ശൂർ, പുതുക്കാട്, മാള, കൊടുങ്ങല്ലൂർ, അടൂർ, ചെങ്ങന്നൂർ, എടത്വാ, കൊല്ലം, കായംകുളം, ആലപ്പുഴ, തിരുവല്ല, പത്തനാപുരം, പത്തനംതിട്ട എന്നീ ഡിപ്പോകളിലാണ് ഡീസൽ ക്ഷാമം അനുഭവപ്പെട്ടത്.</td></tr>
<tr><td>(ബി)</td><td>എങ്കിൽ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലാണ് ഡീസൽ ക്ഷാമം അനുഭവപ്പെട്ടത്;</td></tr>
<tr><td>(സി)</td><td>കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഡീസൽ ക്ഷാമം നിമിത്തം സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സർവ്വീസുകളാണ് റദ്ദ് ചെയ്തത്;</td></tr>
<tr><td>(ഡി)</td><td>സർവ്വീസുകൾ മുടങ്ങുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മുൻകൂട്ടി പത്രമാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?</td><td>(ഡി)</td><td>ഈ കാര്യം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതല്ല എന്ന് കരുതുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ